# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3581** **11.12.2018-ൽ മറുപടിയ്ക്ക്**

## പൊതുശ്മശാനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.പി. അയിഷാ പോറ്റി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) |
| എ | തദ്ദേശ സ്ഥാപനങ്ങൾക്ക് പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് എത്ര തുകയാണ് സർക്കാർ അനുവദിക്കുന്നത് ; | എ | 2017-18 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി ആധുനിക വാതക ശ്മശാനങ്ങൾ നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിലേയ്ക്ക് തയ്യാറാക്കപ്പെടുന്ന വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് ധനസഹായം എത്രയാണെന്ന് നിശ്ചയിക്കപ്പെടുന്നത്. |
| ബി | പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | ബി | തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കാവുന്ന ക്രിമറ്റോറിയം ഫർണസും അനുബന്ധ ഘടകങ്ങളും (സിവിൽ പ്രവൃത്തികൾ ഒഴികെ) രൂപകൽപ്പന സ്ഥാപിക്കൽ, പ്രവർത്തിപ്പിക്കലും പരിപാലനവും എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിലേക്ക് താഴെപ്പറയുന്ന 5 സേവനദാതാക്കളെ എംപാനൽ ചെയ്തിട്ടുണ്ട്.<br>1. Jwalaa Equipments And Consultants<br>2. Alpha Equipments<br>3. Essco Furnaces Private Limited<br>4. Hi-Teck Crematorium Pvt.Ltd<br>5. RAIDCO<br>6. COSTFORD<br>7. SILK |
| സി | ഈ സർക്കാരിന്റെ കാലയളവിൽ കൊല്ലം ജില്ലയിൽപ്പെടുന്ന തദ്ദേശസ്ഥാപനങ്ങൾക്ക് ശ്മശാനങ്ങളുടെ നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | സി | ഈ സർക്കാരിന്റെ കാലയളവിൽ കൊല്ലം ജില്ലയിൽപ്പെടുന്ന തദ്ദേശസ്ഥാപനങ്ങൾക്ക് ശ്മശാന നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ